റവന്യു കമ്മി 2014-15 -ൽ പൂജ്യമാക്കാനും, 2013-14 -ൽ ധനകമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.എസ്.ഡി.പി.) 3% ആക്കാനും ലക്ഷ്യമിടുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ധനകാര്യ ഉത്തരവാദിത്വ ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 2007-08 -ൽ ജി.എസ്.ഡി.പി.യുടെ 2.28% ആയിരുന്ന റവന്യു കമ്മി 2008-09 -ൽ 1.96% ആയും 2009-10 -ൽ 1.92% ആയും കുറഞ്ഞു.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ 2009-10-ലെ പ്രാഥമിക കണക്കുകളനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.എസ്.ഡി.പി.) 3.16% ആണ് സംസ്ഥാനത്തിന്റെ ധനക്കമ്മി.

മലമ്പുഴ അണക്കെട്ടിൽ നിന്നും എടുത്ത മണൽ

158 (4512) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴ അണക്കെട്ടിൽ നിന്ന് ഇതുവരെ എത്ര ക്യൂബിക് മീറ്റർ മണൽ എടുത്തു എന്ന് വ്യക്തമാക്കുമോ ;

(ബി) എടുത്ത മണൽ എന്തു വിലയ്ക്ക് ആർക്കെല്ലാം വിൽപ്പന നടത്തിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലമ്പുഴ അണക്കെട്ടിൽ നിന്ന് ഇതുവരെ 2 ലക്ഷം ക്യൂബിക് മീറ്റർ മണൽ ഡീസിൽറ്റിംഗ് മുഖേന ലഭ്യമായിട്ടുണ്ട്.

(ബി) ക്യൂബിക് മീറ്ററിന് 990 രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ബി.പി.എൽ. കുടുംബത്തിലെ ഉപഭോക്താവിന് ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്യൂബിക് മീറ്ററിന് 750 രൂപ നിരക്കിൽ വിൽപ്പന നടത്തിവരുന്നു.

വിഷൻ 2010

159 (4513) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷൻ 2010 പ്രകാരം ഓരോ നിയോജകമണ്ഡലത്തിനും എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നല്കിയത് ;

(ബി) ഇത് പ്രകാരം കൊയിലാണ്ടി നിയോജകമണ്ഡലത്തിന് എത്ര കോടി രൂപ അനുവദിച്ചു ; ഏതെല്ലാം പദ്ധതികൾക്കായിരുന്നു അനുവാദം ലഭിച്ചത് ;

(സി) ബാക്കി വരുന്ന തുകയ്ക്ക് പുതിയ പ്രൊപ്പോസലുകൾ സമർപ്പിച്ചാൽ പദ്ധതിക്ക് അംഗീകാരം നല്കി നിയോജകമണ്ഡലത്തിന് അർഹമായ വിഹിതം ചെലവഴിക്കാൻ അനുവാദം നല്കുമോ എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly